പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2574 28-10-2026-ൽ മറുപടിയ്ക്ക്

എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് സ്വകാര്യമേഖലയിൽ ജോലി സംവരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. സി. വി. ശാന്തകുമാർ	ശ്രീമതി കെ. എ. തുളസി (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് നൽകി വരുന്ന ജോലി സംവരണ ആനുകൂല്യം സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും സ്വകാര്യ മേഖലയിലെ ലിമിറ്റഡ് കമ്പനികളിലും അർദ്ധസർക്കാർ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ സംവരണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മറുപടി: സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലേക്ക് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കുള്ള ജോലി സംവരണ ആനുകൂല്യം പൂർണ്ണമായും നൽകിവരുന്നുണ്ട്. ഇതുകൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്ന താത്കാലിക നിയമനങ്ങളിലും പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കുള്ള ജോലി സംവരണം നൽകി വരുന്നുണ്ട്. എന്നാൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ വകുപ്പ്/ ഓഫീസ് മേധാവികൾ കുറഞ്ഞ കാലയളവിലേക്ക് നടത്തുന്ന താൽക്കാലിക /കരാർ/ദിവസ വേതന അടിസ്ഥാനത്തിലുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് സർക്കാർ കാണുകയും അത്തരം നിയമനങ്ങളിൽ സംവണത തത്വം പാലിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ജനക്ഷേമത്തിൽ ഊന്നൽ നൽകി പ്രവർത്തിക്കുന്ന സർക്കാർ മേഖലയിൽ നിന്ന് വിഭിന്നമാണ് സ്വകാര്യ മേഖല. അവിടെ സംവരണ തത്ത്വം നടപ്പിലാക്കുന്നത് പ്രയോഗിക തലത്തിൽ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കും എന്നതിനാൽ സ്വകാര്യ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് ജോലി സംവരണ ആനുകൂല്യം അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ